LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

12 [5722] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതിനായി സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പണി എന്നേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇൻവെസ്റ്റിഗേഷനും ആർക്കിടെക്ചറൽ ഡ്രോയിംഗും തയ്യാറായിട്ടുണ്ട്.

(ബി, സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ വർഷം തന്നെ പണി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി

13 [5723] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി, സി) ആവശ്യമുള്ള അറ്റകുറ്റപ്പണികൾക്കായി 5.69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റാംമ്പ് നിർമ്മാണത്തിനുള്ള ഡ്രോയിംഗും എസ്റ്റിമേറ്റും തയ്യാറായി വരുന്നു.

ആലപ്പുഴ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫീസ് കെട്ടിട നിർമ്മാണം

14 [5724] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫീസ് കെട്ടിട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലുണ്ടോ;

എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വർക്കിന് ഭരണാനുമതി നൽകുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇവ പരിഹരിച്ച് അടിയന്തിരമായി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 36 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

(ബി, സി) ഭരണാനുതി നൽകുന്നതിനുള്ള നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്.

കരുനാഗപ്പള്ളി സർക്കാർ ടി. ബി. ആശുപത്രിയുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

15 [5727] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 55 കിടക്കകളുള്ള കരുനാഗപ്പള്ളി സർക്കാർ ടി. ബി. ആശുപത്രിയുടെ ഫിറ്റ്നസ് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഏതെങ്കിലും സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആശുപത്രി കെട്ടിടം മരാമത്ത് പണികളിലൂടെ നന്നാക്കുന്നത് ലാഭകരമല്ല എന്ന റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ആശുപത്രി കെട്ടിടം സുരക്ഷിതമായി സംരക്ഷിക്കുന്നതിന് എന്ത് സംവിധാനം ഏർപ്പെടുത്താനാണ് പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) 26-6-2003-ലെ കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രമേയം നമ്പർ ബി/1380/2003-പ്രകാരം പൊതുമരാമത്ത് വകുപ്പിന് കൈമാറ്റം ചെയ്യപ്പെട്ട ഈ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ദർഘാസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly